REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പഞ്ചായത്തിരാജ് - ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളിലായി 14 ലക്ഷത്തോളം സ്ത്രീകൾ തെരഞ്ഞെടുത്ത അംഗങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **CBI വികസിപ്പിച്ച ഭാരത് പോൾ പോർട്ടൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂർ മുന്നിൽ തന്നെ. നാലാം ദിവസമായ ഇന്ന് 25 വേദികളിൽ 50-ഓളം മത്സരങ്ങൾ അരങ്ങേറും.**
- **കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ISL ഫുട്ബോളിൽ മുംബൈ സിറ്റി ഈസ്റ്റ് ബംഗാളിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പഞ്ചായത്തിരാജ് - ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളിലായി 14 ലക്ഷത്തോളം സ്ത്രീകൾ തെരഞ്ഞെടുത്ത അംഗങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. അംഗങ്ങളുടെ 46 ശതമാനത്തോളമാണിത്. സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ മിക്ക സംസ്ഥാനങ്ങളിലും വനിതാസംവരണം 50 ശതമാനമാക്കി ഉയർത്തിയിട്ടുണ്ടെന്നും അവർ അറിയിച്ചു. രാഷ്ട്രപതി ഭവനിൽ

പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ പട്ടിക ഗോത്ര വർഗ വനിതാ പ്രതിനിധികളുമായി സംസാരിക്കുകയായിരുന്നു ദ്രൗപതി മുർമു.

പട്ടിക ഗോത്ര വർഗക്കാർ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗത്തിന്റെയും ഉന്നതിക്ക് വേണ്ടിയാണ് ഗവൺമെന്റ് പ്രവർത്തിച്ച് വരുന്നതെന്ന് രാഷ്ട്രപതി വ്യക്തമാക്കി.

✪✪✪

ഛത്തീസ്ഗഡിലെ ബീജാപ്പൂർ ജില്ലയിൽ സുരക്ഷാ സംഘത്തിന് നേരെ മാവോയിസ്റ്റുകൾ നടത്തിയ ആക്രമണത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അപലപിച്ചു. ജിവത്യാഗം ചെയ്ത ധീര സൈനികരുടെ കുടുംബങ്ങളെ അവർ അനുശോചനം അറിയിച്ചു. നക്സലിസത്തെ പൂർണ്ണമായും ഉന്മൂലനം ചെയ്യാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും രാഷ്ട്രപതി പറഞ്ഞു.

സുരക്ഷാ സംഘത്തിന് നേരെ മാവോയിസ്റ്റുകൾ നടത്തിയ ആക്രമണത്തിൽ ഒൻപതു ജവാന്മാരാണ് വീരമൃത്യു വരിച്ചത്. IED സ്ഫോടനത്തിലൂടെയാണ് ഇന്നലെ ഉച്ചയോടെ മാവോയിസ്റ്റുകൾ സൈനികരെ ആക്രമിച്ചത്.

✪✪✪

രാജ്യത്തെ നിയമ നിർവഹണ ഏജൻസികൾക്ക് അന്താരാഷ്ട്ര പൊലീസ് സഹായം വേഗത്തിൽ ലഭ്യമാക്കുന്നതിന് CBI വികസിപ്പിച്ച ഭാരത് പോൾ പോർട്ടൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇന്റർപോൾ ഉൾപ്പെടെ എല്ലാ അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുടെയും സഹായത്തിനും, വിവരങ്ങൾ പങ്കു വെക്കുന്നതിനും, പുതിയ പോർട്ടൽ സഹായകമാകും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്..........

പോർട്ടലിന് തുടക്കമിടുന്ന ഈ ദിവസം രാജ്യത്തെ കുറ്റാന്വേഷണ ഏജൻസികളുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറുമെന്ന് അമിത്ഷാ പറഞ്ഞു.

സുരക്ഷിത ഭാരതം കെട്ടിപ്പടുക്കുന്നതിനും മോദി ഗവണ്മെന്റിന്റെ കാഴ്ചപ്പാട് നിറവേറ്റുന്നതിനും രാജ്യത്തെ അന്വേഷണ ഏജൻസികൾക്ക് ഭാരത് പോൾ പോർട്ടൽ സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മയക്കുമരുന്ന് കടത്ത് ഉൾപ്പെടെ രാജ്യാന്തര കുറ്റകൃത്യങ്ങളും, സാമ്പത്തിക തട്ടിപ്പുകളും തടയുന്നതിനും റെഡ് കോർണർ നോട്ടിസുകൾ അടക്കം അന്താരാഷ്ട്ര

അറിയിപ്പുകൾക്ക് വേഗത്തിൽ നടപടിയുണ്ടാക്കുന്നതിനും പോർട്ടൽ സഹായിക്കുമെന്നും അമിത്ഷാ പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ 35 CBI ഓഫീസർമാർക്ക് രാഷ്ട്രപതിയുടെ പൊലീസ് മെഡലുകൾ അമിത് ഷാ സമ്മാനിക്കും. വിദേശ കാര്യ - ആഭ്യന്തര വകുപ്പുകളിലേയും മറ്റ് മന്ത്രാലയങ്ങളിലേയും മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ നടത്തി വന്ന ചർച്ചകൾ സമാപിച്ചു. കഴിഞ്ഞ മാസം ആറിന് ആരംഭിച്ച ബജറ്റ് പൂർവ ചർച്ചകളിൽ നൂറിലേറെ ക്ഷണിതാക്കളുമായി അവർ കൂടിയാലോചനകൾ നടത്തി. കാർഷിക സംഘടനകളുടെ പ്രതിനിധികൾക്ക് പുറമെ കാർഷിക ധനകാര്യ വിദഗ്ധർ, തൊഴിൽ സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ വിദഗ്ധർ, വ്യാപാര - വാണിജ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവരുമായി നിർമല സീതാരാമൻ ആശയങ്ങൾ പങ്കു വെച്ചു.

✪✪✪

തമിഴ്നാട്ടിൽ രണ്ട് HMPV കേസുകൾ കണ്ടെത്തി. ചെന്നൈയിലും സേലത്തുമാണ് രണ്ടുപേരിൽ വൈറസ് ബാധ സ്ഥിരീകരിച്ചത്. ഇരുവരുടേയും ആരോഗ്യനില തൃപ്തികരമാണെന്നും നിരീക്ഷണം തുടരുകയാണെന്നും തമിഴ്നാട് ഗവൺമെന്റ് അറിയിച്ചു. ഇപ്പോഴത്തെ രോഗബാധയ്ക്ക് കാരണം പുതിയ വൈറസ് വകഭേദങ്ങൾ അല്ലെന്നും 2001 മുതൽ ഇന്ത്യയിൽ ഇത്തരം വൈറസുകളെ കണ്ടെത്തിയിട്ടുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

2025ലെ കരട് UGC ചട്ടങ്ങൾ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ പ്രകാശനം ചെയ്തു. സർവ്വകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ആവശ്യമായ യോഗ്യതകൾ, ഉന്നത വിദ്യാഭ്യാസനിലവാരം കാത്തു സൂക്ഷിക്കാൻ ആവശ്യമായ നടപടികൾ എന്നിവ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാം ദിനമായ ഇന്ന് 25 വേദികളിലായി 50-ഓളം മത്സരങ്ങൾ അരങ്ങേറും.

മൂന്നാം ദിനമായ ഇന്നലെ 179 മത്സരങ്ങൾ പൂർത്തിയായപ്പോൾ, 713 പോയിന്റുമായി കണ്ണൂരാണ് മുന്നിൽ.

708 പോയിന്റ് വീതം നേടി തൃശൂരും കോഴിക്കോടും രണ്ടാം സ്ഥാനത്തുണ്ട്. 702 പോയിന്റു നേടി പാലക്കാട് ആണ് മൂന്നാമത്. സ്കൂളുകളിൽ 123 പോയിന്റുമായി പാലക്കാട് ആലത്തൂർ BSS ഗുരുകുലം ഹയർ സെക്കൻഡറിയാണ് ഒന്നാം സ്ഥാനത്ത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കൊലിയാക്കോട്.

..........വോയ്സ്.............

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മൂന്നാം ദിനമായ ഇന്നലെ രാത്രി 10 മണിയോടെ മത്സരങ്ങൾ പൂർത്തിയായി.

പ്രവൃത്തിദിവസമായിട്ടു കൂടി എല്ലാ വേദികളിലും ഇന്നലെ നല്ല തിരക്കാണ് അനുഭവപ്പെട്ടത്. സ്ത്രീ ശാക്തീകരണത്തിന്റെ സന്ദേശം നൽകിക്കൊണ്ട് മൂന്നാം ദിനത്തിലെ പരിപാടികൾ നിയന്ത്രിച്ചത് സ്ത്രീകളായിരുന്നു.

സന്നദ്ധ സേവന പ്രവർത്തകർ മുതൽ സ്റ്റേജ് മാനേജർമാർ വരെ കലോത്സവത്തിലെ എല്ലാ മേഖലകളിലും സ്ത്രീകൾക്കായിരുന്നു ചുമതല.

നാലാം ദിനമായ ഇന്ന് പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ ഭരതനാട്യവും ഉച്ചയ്ക്ക് ശേഷം ഹൈസ്കൂൾ വിഭാഗം സംഘനൃത്തവും അരങ്ങേറും.

ആസ്വാദകരുടെ ഇഷ്ട ഇനമായ ഹൈസ്കൂൾ വിഭാഗം മലയാള നാടക മത്സരം രാവിലെ 9.30ന് ടാഗോർ തിയേറ്ററിൽ ആരംഭിക്കും.

ജനപ്രിയ ഇനങ്ങളായ മിമിക്രി, മോണോ ആക്ട്, ചവിട്ട് നാടകം, നാടോടി നൃത്തം, നാടൻപാട്ട്, കഥാപ്രസംഗം എന്നിവയും വിവിധ വേദികളിലായി ഇന്ന് അരങ്ങേറും. പുതുതായി ഉൾപ്പെടുത്തിയ ഗോത്ര നൃത്തം കലാരൂപങ്ങളായ ഇരുളനൃത്തവും പളിയ നൃത്തവും നിശാഗന്ധിയിൽ നടക്കും.

✪✪✪

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് തിരി തെളിയും. രാവിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.........വോയ്സ്.........

സർഗാത്മക സാഹിത്യത്തിന് അമൂല്യ സംഭാവന നൽകിയ M. മുകുന്ദന് ചടങ്ങിൽ നിയമസഭാ അവാർഡ് മുഖ്യമന്ത്രി ഉദ്ഘാടനചടങ്ങിൽ സമ്മാനിക്കും. കർണാടക സ്പീക്കർ UT ഖാദർ ഫരീദാണ് മുഖ്യാതിഥി. സ്പീക്കർ AN ഷംസീർ അധ്യക്ഷനായിരിക്കും. പ്രതിപക്ഷനേതാവ് VD സതീശനും മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിക്കും.

166 പ്രസാധകർ പങ്കെടുക്കുന്ന പരിപാടിയിൽ 250 ഓളം സ്റ്റാളുകൾ ഉണ്ടായിരിക്കും. 313 പുസ്തകങ്ങൾ മേളയിൽ പ്രകാശനം ചെയ്യും. അടുത്ത തിങ്കളാഴ്ച വൈകിട്ട് സമാപന ചടങ്ങ് നടൻ പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും. നടൻ ഇന്ദ്രൻസിനെ പരിപാടിയിൽ ആദരിക്കും.

✪✪✪

നിലമ്പൂരിലെ കരുളായി ഉൾവനത്തിൽ കാട്ടാന ആക്രമണത്തിൽ മരിച്ച മണിയുടെ കുടുംബത്തിന് ഗവൺമെന്റ് പ്രഖ്യാപിച്ച സാമ്പത്തിക സഹായത്തിന്റെ ആദ്യ ഗഡു മന്ത്രി AK ശശീന്ദ്രൻ കുടുംബത്തിന് കൈമാറി. നെടുങ്കയത്തു നിന്ന് 18 കിലോമീറ്ററോളം ഉൾക്കാട്ടിൽ സഞ്ചരിച്ചെത്തിയാണ് മന്ത്രി കണ്ണിക്കൈയ്യിൽ അഞ്ച് ലക്ഷം രൂപ കുടുംബത്തെ ഏൽപ്പിച്ചത്. കഴിഞ്ഞ ശനിയാഴ്ചയാണ് കാട്ടാന ആക്രമണത്തിൽ മണി മരിച്ചത്. പത്ത് ലക്ഷം രൂപ ഗവൺമെന്റ് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ഭിന്നശേഷിക്കാർക്കായി സംസ്ഥാനത്ത് പുനരധിവാസ ഗ്രാമങ്ങൾ ഉടൻ സജ്ജമാക്കുമെന്ന് മന്ത്രി ഡോ. R. ബിന്ദു അറിയിച്ചു. പെരിന്തൽമണ്ണയിൽ സാമൂഹ്യനീതി വകുപ്പും ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ചേർന്ന് സംഘടിപ്പിച്ച സഹായ ഉപകരണ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

തീവ്ര ഭിന്നശേഷിക്കാർക്ക് താമസ സൗകര്യവും ആരോഗ്യ സംവിധാനങ്ങളും സ്കൂളുകളും ഉൾപ്പെടെ വിപുലമായ സംവിധാനങ്ങളോടെ ആണ് രാജ്യത്തിന് തന്നെ മാതൃകയാവുന്ന പുനരധിവാസ ഗ്രാമം ഒരുക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ മുംബൈ സിറ്റി ഈസ്റ്റ് ബംഗാളിനെ തോൽപ്പിച്ചു. രണ്ടിനെതിരെ 3 ഗോളിനാണ് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാളിനെ അവർ തോൽപ്പിച്ചത്.

നാളെ FC ഗോവ, ഹൈദരാബാദ് FCയെ നേരിടും. ഗോവയിൽ വൈകീട്ട് 7.30നാണ് മത്സരം.

✪✪✪

കേരളത്തിൽ UDF മായി കൈകോർത്ത് പോരാടാൻ തീരുമാനിച്ചതായി PV അൻവർ MLA തവനൂരിൽ പറഞ്ഞു. പിണറായിസത്തെ താഴെ ഇറക്കുകയെന്ന മുദ്രാവക്യത്തോടെ UDF നോടൊപ്പം മുന്നോട്ട് പോകുമെന്നു അദ്ദേഹം വ്യക്തമാക്കി. കേരളത്തിലെ പൊതുസമൂഹവും VD സതീശനടക്കം UDF നേതാക്കളും ധാർമിക പിന്തുണ നൽകിയെന്നും അത് ഏറെ ആശ്വാസകരമാണെന്നും തവനൂർ ജയിലിൽ നിന്ന് ജാമ്യം ലഭിച്ച് പുറത്തിറങ്ങിയ അൻവൻ അറിയിച്ചു. ജുഡീഷ്യറിയിൽ നിന്നാണ്  നീതി ലഭിച്ചത്.

അമ്പതിനായിരം രൂപയുടെ വീതം രണ്ട് ആൾ ജാമ്യത്തിലാണ് നിലമ്പൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ജാമ്യം അനുവദിച്ചത്. DFO ഓഫീസിന് വരുത്തിയ നാശനഷ്ടത്തിന് 35,000 രൂപയും അൻവർ കോടതിയിൽ കെട്ടിവെച്ചു.

✪✪✪

പിണറായി വിജയന്റെ കാലത്തുതന്നെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയ്ക്ക് അന്ത്യമാകുമെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. കായംകുളത്ത് BJPയുടെ ജനമുന്നേറ്റ സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

CPIMൽ അടക്കം വിവിധ പാർട്ടികളിൽ നിന്ന്, 218 പേർ ചടങ്ങിൽ BJPയിൽ ചേർന്നു.

✪✪✪

ശബരിമലയിൽ മകരവിളക്ക് മഹോത്സവത്തിന് ഒരുക്കങ്ങൾ ആരംഭിച്ചതായി മേൽശാന്തി S. അരുൺകുമാർ നമ്പൂതിരി അറിയിച്ചു.  ദക്ഷിണായനത്തിൽ നിന്ന് ഉത്തരായനത്തിന്റെ തുടക്കം കുറിച്ചു സൂര്യൻ ധനുരാശിയിൽ നിന്ന് മകര രാശിയിലേക്ക് മാറുന്ന വേളയിലാണ് മകരസംക്രമ പൂജ.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: ശരണ്യ രാജൻ,*
*DEO :  സുബോധ് സി കെ*